13165
24/4/19

"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം 2018 - പ്രളയക്കെടുതിയിൽ പത്തനംതിട്ട ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനു മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ (ഡി ആർ എഫ് -എ) വകുപ്പ്

സ.ഉ.(സാധാ) നം.2045/2019/റവ. തീയതി,തിരുവനന്തപുരം, 26/07/2019

---

പരാമർശം:- 1 26/10/2018 തീയതിയിലെ സ.ഉ (കൈ)നം.24/18/ദു നി വ

2 08/12/2018 തീയതിയിലെ സ.ഉ (സാധാ)നം.5088/18/Rev

3 06/02/19 തീയതിയിലെ സ.ഉ (സാധാ)നം.463/19/Rev

4 പത്തനംതിട്ട ജില്ലാ കളക്ടറുടെ 29/6/19 തീയതിയിലെ F4-7099/18 നമ്പർ കത്ത്

5 പത്തനംതിട്ട ജില്ലാ കളക്ടറുടെ 04/7/19 തീയതിയിലെ DM3-181879/18 നമ്പർ കത്ത്

## ഉത്തരവ്

പ്രളയക്കെടുതിയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമായി ധനസഹായം അനുവദിക്കുന്നതിന് പരാമർശം(1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2 പരാമർശം(2),(3) പ്രകാരം ഇതിനകം പത്തനംതിട്ട ജില്ലയ്ക്ക് 88,23,00,000/-രൂപ (എൺപത്തിഎട്ട് കോടി ഇരുപത്തിമൂന്നു ലക്ഷം രൂപ) ധനസഹായം അനുവദിച്ചിരുന്നു. താഴെ പറയും പ്രകാരം അധിക ധനസഹായം അനുവദിക്കണമെന്ന് പരാമർശം(5) പ്രകാരം പത്തനംതിട്ട ജില്ലാ കലക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

| നാശനഷ്ടം ( ശതമാനത്തിൽ ) | വീടുകളുടെ എണ്ണം (സമതലപ്രദേശം) | തുക |
|---|---|---|
| 15% | 498 | 23,90,400/-(4800/- രൂപ നിരക്കിൽ ) |
| 16-29% | 987 | 3,10,90,500/- (31,500/- രൂപ നിരക്കിൽ ) |
| 30-59% | 649 | 5,02,97500/-(77,500/- രൂപ നിരക്കിൽ ) |
| 60-74% | 491 | 8,78,89,000/- (1,79,000/- രൂപ നിരക്കിൽ ) |
| 75-100% | 64 | 1,95,13,600/-(3,04,900/- രൂപ നിരക്കിൽ ) |
| ആകെ | | **19,11,81,000/-(പത്തൊമ്പത് കോടി പതിനൊന്ന് ലക്ഷത്തി എൺപത്തൊന്നായിരം രൂപ മാത്രം )** |

3. എന്നാൽ, മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തിര ധനസഹായമായി 6,200/-രൂപ നിരക്കിൽ അനുവദിച്ച 32,76,26,600/- രൂപയിൽ 59,76,800/-രൂപ വിതരണം ചെയ്യാതെ ബാക്കി വന്നിട്ടുണ്ടെന്ന് പരാമർശം(4) പ്രകാരം ജില്ലാ കലക്ടർ അറിയിച്ചിരുന്നു.

4.സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 59,76,800/-രൂപ പരാമർശം(5) പ്രകാരം ആവശ്യപ്പെട്ട 19,11,81,000/-രൂപയിൽ നിന്നും കുറച്ചു ബാക്കി തുകയായ 18,52,04,200/-(പതിനെട്ടു കോടി അൻപത്തി രണ്ടു ലക്ഷത്തി നാലായിരത്തി ഇരുന്നൂറു രൂപ മാത്രം), വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പത്തനംതിട്ട ജില്ലയ്ക്കു അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായിവരുന്ന 18,52,04,200/-രൂപ (പതിനെട്ടു കോടി അൻപത്തി രണ്ടു ലക്ഷത്തി നാലായിരത്തി ഇരുന്നൂറു രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund(NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടർക്കു അനുവദിക്കുന്നതാണ്.

6. ഈ ആവശ്യത്തിലേക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതുവരെ അനുവദിച്ച തുക ഉപയോഗപ്പെടുത്തിയത് സംബന്ധിച്ച കണക്കുകളും, ഗുണഭോക്താക്കളുടെ താലൂക്ക്/വില്ലേജ് തിരിച്ചുള്ള എണ്ണവും സഹിതം വിനിയോഗ സർട്ടിഫിക്കറ്റ് കാലവിളംബം കൂടാതെ ജില്ലാ കലക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.എല്
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ ,പത്തനംതിട്ട

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

വിവര-പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ